അഞ്ചില്ലത്ത് കുഞ്ഞബ്ദുല്ല

# സഞ്ചാരി



**വയറൊട്ടിയ** സഞ്ചിയിൽനിന്നും വീണ്ടും അയാൾ ഒരു റൊട്ടിക്കഷ്ണം തപ്പിയെടുത്തു. തന്റെ ശരീരത്തിലേക്ക് കത്തിയമരുന്ന സൂര്യകിരണങ്ങളിൽനിന്നും അൽപമൊന്ന് തെന്നിമാറി തെരുവോരത്തെ ആ വൃക്ഷത്തിന്മേൽ ചാരിയിരുന്നു. അൽപം വിശ്രമിക്കാൻ ഒരിടം കിട്ടിയ ആശ്വാസത്തിൽ അയാളിലൂടെ ഒരു ദീർഘനിശ്വാസം കടന്നുപോയി.

വൃക്ഷത്തിന്മേൽ ചാരിയിരുന്ന് ഉണക്കറൊട്ടി ചവച്ചുകൊണ്ടിരിക്കവെ വയറൊട്ടിയ സഞ്ചിയിലേക്ക് തന്നെ അയാൾ നോക്കി. ഇനിയൊരു കഷ്ണം റൊട്ടി പോലും അതിൽ ശേഷിപ്പില്ലെന്ന് അയാളറിഞ്ഞു. ഈ അവസ്ഥയിൽ എങ്ങനെ യാത്ര തുടരും എന്നയാൾ ചിന്തിക്കാതിരുന്നില്ല. അത് ചിന്തിക്കുമ്പോഴൊക്കെ അയാളുടെ മനസ്സിന്റെ ആഴങ്ങളിൽനിന്നും ഏതോ ഒരു നിശ്ചയദാർഢ്യത ഉരുണ്ടുരുണ്ട് വന്ന് അയാളുടെ ക്ഷീണിച്ച കണ്ണുകൾക്ക് തിളക്കമേകി. ഇൻശാഅല്ലാഹ് ... മരച്ചില്ലകളുടെ മണ്ണിൽ പതിഞ്ഞു കിടന്ന നിഴലുകളിലേക്ക് നോക്കി ഒരു ദീർഘനിശ്വാസം കൂടി പൊഴിച്ചുകൊണ്ട് യാത്ര തുടരാനായി അയാൾ എഴുന്നേറ്റു.

യാന്ത്രികമായ വിരലനക്കങ്ങളിലൂടെ വയറൊട്ടിയ സഞ്ചിയടക്കമുള്ള വലിയ യാത്രാഭാണ്ഡം അയാളുടെ ചുമലിലേക്ക് വലിഞ്ഞുകയറി. സുദീർഘമായ യാത്രയിലുടനീളം ഭാരിച്ച ഭാണ്ഡം തൂക്കിയിട്ട ചുമലിലെ തൊലിയിൽ ഇതിനകം തഴമ്പ് പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിരുന്നു. എന്നിട്ടും ഭാണ്ഡത്തിന്റെ തൂക്കുകയർ ചുമലിലൂടെ വലിഞ്ഞുമുറുകുമ്പോൾ തൊലിയിൽ നീറുന്ന വേദന. പക്ഷേ, തൊലിപ്പുറത്തെ ഈ വേദനയൊന്നും യാത്രയുടെ തടസ്സമായി കാണാൻ അയാൾക്ക് കഴിയുമായിരുന്നില്ല. കണ്ണുകളെ അകലേക്ക് പായിച്ചുകൊണ്ട് പടിഞ്ഞാറേ ദിക്ക് ലക്ഷ്യമാക്കി അയാൾ നടന്നു.

നിറയെ വെള്ളക്കൊക്കുകൾ കൂടുകെട്ടിയ ഒരു മാവിന്റെ ചുവട്ടിൽ അയാൾ വീണ്ടും തളർന്നിരുന്നു. തളർച്ച ബാധിച്ചുതുടങ്ങിയ കണ്ണുകൾ കൊണ്ട് ആകാശത്തേക്ക് കഴുത്തുയർത്തി വെറുതെ ഒന്നു നോക്കി. തങ്ങളുടെ നീളമുള്ള തൂവെള്ള ചിറകുകൾ വിടർത്തി ചുറ്റുഭാഗത്തുനിന്നും മാവിൻ ചില്ലകളിലേക്ക് പറന്നടുക്കുന്ന കൊക്കുകളുടെ സൗന്ദര്യം കൺപോളകളുടെ തളർച്ചയെ ശമിപ്പിക്കുന്നതായി അയാൾക്ക് തോന്നി. തന്റെ തലക്ക് മുകളിൽ, മാവിൻ ചില്ലകളിൽ പരസ്പരം ശൃംഗരിച്ചും ചിറകിട്ടടിച്ചും സംഘനൃത്തമാടുന്ന കൊക്കുകളെതന്നെ നോക്കിയിരിക്കേ ഏതോ ദാർശനിക വിചാരത്തിൽ അയാൾ മുങ്ങി. ധവളിമയാർന്ന ഉടയാടകളണിഞ്ഞ് ആകാശത്തുനിന്നുമിറങ്ങിവന്ന മാലാഖമാരാണോ ഇവർ എന്നൊരു സുന്ദരഭാവന ഒരു നിമിഷം അയാളുടെ അകതാരിൽ വിരിഞ്ഞുനിന്നു.

അടുത്ത നിമിഷം അയാൾ അയാളിലേക്കുതന്നെ തിരിച്ചുവന്നു. താൻ ധരിച്ചിരുന്ന വസ്ത്രത്തിന്റെ നിറം വിയർപ്പും ചെമ്മണ്ണും പുരണ്ട് മധ്യാഹ്നം പിന്നിട്ട ആകാശത്തിന്റെ നിറമായിത്തുടങ്ങിയത് ശ്രദ്ധയിൽ പതിഞ്ഞു. തന്റെ കൈയിലെ സഞ്ചിയിലേക്കും കണ്ണോടിച്ചു. അതിനകത്ത് ഒന്നുമുണ്ടായിരുന്നില്ലെന്നും അയാൾക്കറിയാമായിരുന്നു. എങ്കിലും പുകയുന്ന വയറിനെ സാക്ഷിനിർത്തി അബോധമായ ഏതോ പ്രേരണയാലെ അയാളുടെ കൈപ്പത്തി സഞ്ചിയിലേക്ക് നീങ്ങി. സഞ്ചിക്കുള്ളിൽനിന്നും ഉയർന്നുവന്ന കൈയിൽ പക്ഷേ, അത്ഭുതമെന്നോണം ഒരു കഷ്ണം റൊട്ടിയുണ്ടായിരുന്നു. യാതൊരു ഭാവമാറ്റവുമില്ലാതെ ആ റൊട്ടിക്കഷ്ണം കാർന്നുതിന്നു. കരിഞ്ഞുണങ്ങിയ വയറിന്റെ ഏതോ ഒരു മൂലയിൽ വിശ്രമിക്കാൻ മാത്രം പിണ്ഡമേ ആ റൊട്ടിക്കഷ്ണത്തിനുണ്ടായിരുന്നുള്ളൂ. എങ്കിലും ഈ യാത്രയിലുടനീളം താനൊരിക്കലും വയറുനിറയെ തിന്നിരുന്നില്ലല്ലോ എന്നയാൾ ആശ്വാസം കൊണ്ടു.

തളർച്ച മാറിയോ എന്നുറപ്പുവരുത്താനൊന്നും നിൽക്കാതെ അയാൾ വീണ്ടും യാത്ര തുടർന്നു. പൊള്ളുന്ന പൂഴിയിലൂടെയും കാലാണ്ടുപോകുന്ന ചതുപ്പുനിലങ്ങളിലൂടെയും നഗ്നപാദനായി നടന്നുനീങ്ങി. തളർച്ച തികട്ടിവരുമ്പോഴൊക്കെ ഹൃദയാന്തരാളത്തിൽനിന്നും ഒരു ഘോഷയാത്രയായി ഉയർന്നുവന്നുകൊണ്ടിരുന്ന ദീർഘനിശ്വാസങ്ങൾ പ്രാർഥനകളെന്നപോലെ യാത്രയിലുടനീളം അയാളുടെ ശ്വാസനാളത്തെ വിമലീകരിച്ചുകൊണ്ടിരുന്നു. ആട്ടിടയന്മാർ ആട്ടിൻപറ്റങ്ങളെ തെളിച്ചുകൊണ്ടുപോയ കാൽപാടുകൾ പതിഞ്ഞ ഒരു കുന്നിൻചെരുവിൽ അയാൾ ഒരിക്കൽ കൂടി വിശ്രമിക്കാനിരുന്നു.

ചെന്നായ്ക്കൾ മാന്തിപ്പൊളിച്ച തന്റെ വലതു കക്ഷത്തിലെ മാംസപേശികൾ വല്ലാതെ നീറ്റുന്നുണ്ടായിരുന്നു. മരണത്തിൽനിന്ന് രക്ഷപ്പെട്ടുവെങ്കിലും ചെന്നായ്ക്കളുടെ കടിയേറ്റ് ചോരയൊലിച്ചുകൊണ്ടിരുന്ന ആട്ടിൻകുട്ടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തായിക്കാണും എന്ന് ഒരു നിമിഷനേരത്തേക്ക് അയാൾ ഉത്കണ്ഠപ്പെട്ടു. വേഴാമ്പലുകൾ മലമുഴക്കി കരയാറുള്ള, രാത്രികാലങ്ങളിൽ വെള്ളിടി മുട്ടാറുള്ള, കൊള്ളിമീനുകൾ പെയ്യാറുള്ള ഒരു താഴ്‌വരയിൽ വെച്ചാണ് ആത്മരക്ഷക്കായി ആർത്തുകരഞ്ഞുകൊണ്ട് ഓടുകയായിരുന്ന ആട്ടിൻകുട്ടിയെ കണ്ടത്. പിന്നാലെ അലറിക്കൊണ്ടോടുന്ന ചെന്നായ്ക്കളും. ആ കാഴ്ച കണ്ടപ്പോൾ അയാളുടെ ഹൃദയസ്പന്ദനങ്ങളുടെ വേഗത വർധിക്കുകയായിരുന്നു. ഓരോ സ്പന്ദനവും ഓരോ ആഹ്വാനമോ സന്ദേശമോ ആയി അയാളിൽ നിറയുകയായിരുന്നു. ചോരയൊലിക്കുന്ന ആട്ടിൻകുട്ടിയുടെ ദീനരോദനം ഒരു നിമിഷത്തിൽ പതിനായിരം തവണ അയാളുടെ കാതിൽ പ്രതിധ്വനിച്ചു; ഒപ്പം അത്യധികം വേഗത വർധിച്ച ഹൃദയസ്പന്ദനങ്ങളുടെ സന്ദേശവും. അടുത്ത നിമിഷം ചെന്നായ്ക്കളുടെ നേരെ എടുത്തുചാടി. ചെന്നായ്ക്കൾ അയാളുമായി ഏറ്റുമുട്ടുന്നതിനിടയിൽ ആട്ടിൻകുട്ടി എങ്ങോട്ടോ രക്ഷപ്പെട്ടിരുന്നു. കൈയിൽ മൂർച്ചയുള്ള പാറക്കഷ്ണവുമായി അയാൾ ആർത്തു വിളിച്ച് ആഞ്ഞു വീശിയപ്പോൾ ചെന്നായ്ക്കൾ പിന്നോട്ടേക്ക് കുതറിമാറി. ആ താഴ്‌വരയാകെ ആട്ടിൻകുട്ടിയുടെ ഇളം ചോരക്കായി പേ ബാധിച്ച പോലെ ചുറ്റിത്തിരിഞ്ഞ് അവ അകന്നകന്നു പോയി.

മലഞ്ചെരുവിൽനിന്നും പറിച്ചെടുത്ത ഏതോ ഒരു ഔഷധച്ചെടിയുടെ ഇലയുടെ നീര് പിഴിഞ്ഞ് അയാൾ നീറുന്ന തന്റെ വലതു കക്ഷത്ത് തടവി. നീറ്റൽ അൽപം കുറഞ്ഞപ്പോൾ തൊട്ടടുത്ത പാറക്കല്ലിൽ തലചായ്ച്ച് മയക്കത്തിലേക്ക് വഴുതിവീണു. ഒരു ഫിലിം റോൾ ഇതൾ വിരിയുന്ന പോലെ പാതിയടഞ്ഞ കൺകളിലേക്ക് ഭൂതകാലം ഇഴഞ്ഞുവരുന്നു– സൂര്യന് കീഴെ കത്തിനിൽക്കുന്ന പരുപരുത്ത മരുഭൂമി... അതിൽ സഹനത്തിന്റെ പ്രതീകം പോലെ തളരാതെ ചുവടുകൾ വെച്ച് നീങ്ങുന്ന ഒരൊട്ടകം... ഒട്ടകത്തിന്റെ കൺകളിൽ ഹേമന്ദത്തിന്റെ കുളിരുമായി ഒടുവിൽ തന്നെ തേടിയെത്തുന്ന ഒരു മന്ദമാരുതനെക്കുറിച്ചുള്ള ഒടുങ്ങാത്ത പ്രതീക്ഷയുടെ തിളക്കം....! ഭൂതത്തിൽനിന്നും ഭാവിയിലേക്കുള്ള ഒരു കുതിച്ചുചാട്ടം പോലെ പൊടുന്നനെ ഫിലിം റോളുകൾ കൂട്ടത്തോടെ തെന്നിമാറി– എവിടെയോ ഒരിടത്ത് ഒട്ടകം മുട്ടുകുത്തി... ഒരു നവവധുവിന്റെ പ്രണയാർദ്രമായ ആലിംഗനം പോലെ വർണഭംഗിയാർന്ന ഉടയാടകൾ വിടർത്തി പറന്നുവന്ന് മന്ദമാരുതൻ ഒട്ടകത്തെ പൊതിഞ്ഞു... ഒട്ടകം ഉന്മാദത്തിന്റെ സമതലങ്ങളിലൂടെ ആറാടി.. നീരുറവകൾ കുതിച്ചുല്ലസിച്ചു പായുന്ന പാലാഴികളുടെ കളകളാരവങ്ങൾ... പ്രണയിനിമാരുടെ പാദസരക്കിലുക്കങ്ങൾ... കർണാനന്ദകരങ്ങളായ അനേകം സിംഫണികളുടെ ശീലുകളിൽ ഒഴുകിയൊഴുകിവരുന്ന സംഘഗാനങ്ങൾ...!

കൈയിലെന്തോ തുടരെത്തുടരെ കടിച്ചപ്പോൾ അയാൾ ഞെട്ടിയുണർന്നു. നല്ലവണ്ണം കൊഴുത്തു ചുവന്ന മൂന്നു നാല് ഉറുമ്പുകളാണ്. നോക്കിയപ്പോൾ താൻ ചാരിക്കിടന്നിരുന്ന പാറക്കല്ലിന്റെ അടിഭാഗത്തുള്ള ഒരു മാളത്തിൽനിന്നും ഉത്ഭവിച്ച് തന്റെ മുന്നിലൂടെ തെല്ലകലെയുള്ള വൃക്ഷച്ചുവട്ടിലേക്ക് നീണ്ടുപോകുന്ന പതിനായിരക്കണക്കിന് ഉറുമ്പുകളുടെ ജാഥ. ചുണ്ടിൽ തൂക്കിപ്പിടിച്ച ഭാരവുമായി ഒന്നിനു പിന്നാലെ ഒന്നായി ചലിക്കുന്ന ആ ഉറുമ്പിൻ നിരയിലൂടെ കണ്ണയച്ചു. ആ ചുവപ്പുരേഖയുടെ അറ്റം കണ്ടെത്താൻ അയാൾക്കായില്ല. വൃക്ഷച്ചുവട്ടിലെത്തിയ രേഖ നേരെ വൃക്ഷത്തിന്റെ മുകളിലേക്ക്... ഏറ്റവും വലിയ ശിഖരത്തിലൂടെ കൂടുതൽ ഉയരത്തിലേക്ക്..

എല്ലാ കാഴ്ചകളും കൂട്ടിവായിച്ചപ്പോൾ ഉള്ളിൽനിന്നുയർന്നുവന്ന ഒരു ദീർഘനിശ്വാസത്തോടെ അയാൾ തന്റെ സഞ്ചിയിലേക്ക് നോക്കി. ക്ഷീണമകറ്റാൻ സഞ്ചിയിലൊന്നുമില്ലെന്ന അറിവ് അയാളെ നിരാശപ്പെടുത്തിയില്ല. തഴമ്പ് വീണ അയാളുടെ കൈപത്തി പതിവ് യാന്ത്രികതയിലെന്നോണം സഞ്ചിയിലേക്ക് ഊഴ്ന്നിറങ്ങി. ഒരത്ഭുതവിദ്യ പോലെ അയാൾ സഞ്ചിയിൽനിന്നും ഒരു കഷ്ണം ഉണക്കറൊട്ടി കൂടി പുറത്തെടുത്തു. മനസ്സിൽ ജഗന്നിയന്താവിനോട് നന്ദിപറഞ്ഞ് ആ ഉണക്കറൊട്ടി വായിലിട്ട് ചവച്ചരക്കാൻ തുടങ്ങി. സ്വാദിഷ്ടമായ ഒരു ഭക്ഷണ പദാർഥമെന്നപോലെ അപ്പോൾ അയാളുടെ കണ്ണിൽ തിളക്കവും ചുണ്ടിൽ പുഞ്ചിരിയും കൂടുകെട്ടിയിരുന്നു.

തന്റെ ലക്ഷ്യമേതാണെന്ന തിരിച്ചറിവോടെ അയാൾ വീണ്ടും ചുവടുകൾ മുന്നോട്ടുവെച്ച് നടത്തമാരംഭിച്ചു. അയാളുടെ പാദങ്ങൾ നഗ്നമായിരുന്നെങ്കിലും ചരൽകല്ലുകൾ തുളച്ചുകയറുമ്പോഴുണ്ടാകുന്ന വേദന അറിയാതിരിക്കാൻ മാത്രം നിശ്ചദാർഢ്യത മനസ്സ് നിറയെ അപ്പോൾ തളം കെട്ടി നിന്നിരുന്നു. കനത്ത ഭാണ്ഡം തോളിൽ അടർത്തിമാറ്റിയാലും വീഴാത്ത വിധം അള്ളിപ്പിടിച്ച് കിടന്നിരുന്നു.

ഓരോ ചുവടുകളിലും കാലുകൾ ശ്രമപ്പെട്ട് എടുത്ത് വെച്ചുകൊണ്ട് നടന്നടുക്കുന്ന ആ സഞ്ചാരിയെ അകലെ ആകാശച്ചെരുവിൽ ഭൂമിയിൽ തലവെച്ച് വിശ്രമിക്കുന്ന അസ്തമയസൂര്യൻ കണ്ടു. പഴുത്തു ചുവന്നു നിൽക്കുന്ന അസ്തമയസൂര്യനെ അയാൾ ഗൗനിച്ച ലക്ഷണമേയില്ല. അസ്തമയ സൂര്യനുമപ്പുറം മന്ദമാരുതൻ പാറിക്കളിക്കുന്ന, പ്രണയഗാനങ്ങളുടെ ശീലുകൾ നിറയുന്ന, പാലാഴികൾ കളകളാരവം മുഴക്കുന്ന, നക്ഷത്ര സത്രങ്ങളൊരുക്കി തന്നെ കാത്തിരിക്കുന്ന ഏതോ ഒരു ഭൂമിക; അത് മാത്രമായിരുന്നു അയാളുടെ അകക്കണ്ണിൽ നിറഞ്ഞുനിന്നിരുന്ന ഒരേയൊരു ലക്ഷ്യം. ■